"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം ഡോ.ശ്യാം.കെ ,അസിസ്റ്റന്റ് സർജൻ ,ജില്ലാ ആശുപത്രി, ഇടുക്കി -ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 1007/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2320/2023/H&FWD തീയതി,തിരുവനന്തപുരം, 13-09-2023

---

പരാമർശം:-
1. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 1007/2023 നമ്പർ കേസിൽ 19/06/2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
2. സഉ (സാധ) 1518/2023/ആകുവ തീയതി 26/06/2023
3. സഉ (സാധ) 1603/2023/ആകുവ തീയതി 04/07/2023
4. അപ്പീൽ കമ്മിറ്റി 22/07/2023ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ഇടുക്കി ജില്ലാ ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായ ഡോ. ശ്യാം.കെ യ്ക്ക് ഇടുക്കി ജില്ലയിലെ മരിയാപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 1007/2023 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു .ട്രിബ്യൂണൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും അംഗങ്ങളായും പരാമർശം (2), (3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

(2) പരാമർശം (2), (3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-

2023 ന് യോഗം ചേരുകയും ഡോ.ശ്യാം.കെ യുടേതുൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. ഡോ.ശ്യാം.കെ, പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ച വേളയിൽ സാങ്കേതികപ്പിഴവുമൂലം ഓപ്ഷനുകൾ നൽകാൻ സാധിക്കാതെ വരികയുണ്ടായെന്നും ആയതിനാൽ ടിയാന്റെ സ്വന്തം ജില്ലയായ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകണമെന്നും ടിയാൻ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെടുകയുണ്ടായി.

(3) ഡോ.ശ്യാം.കെ 12/03/2019 മുതൽ ഇടുക്കിജില്ലയിൽ ജോലിചെയ്തുവരികയാണെന്ന വസ്തുത പരിഗണിച്ച അപ്പീൽ കമ്മിറ്റി ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാനെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിവിലുള്ള ഒഴിവിലേക്ക് നിയമനം നൽകുന്നതിന് ശിപാർശ ചെയ്യുകയുണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.ശ്യാം.കെ 12/03/2019 മുതൽ ഇടുക്കി ജില്ലയിൽ ജോലി ചെയ്തുവരികയാണെന്ന വസ്തുത പരിഗണിച്ച് ടിയാന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിവിലുള്ള ഒഴിവിലേക്ക് നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ഇടുക്കി/ തിരുവനന്തപുരം)
ഡോ.ശ്യാം.കെ, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ.അനുമാർട്ടിൻ, അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം ,
മണക്കാട്, തൊടുപുഴ,ഇടുക്കി
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 15.09.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി